# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2017-2018)**

**SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS**

**(2017-2018)**

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II

## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2017-2018)

SECOND REPORT ON THE SCRUTINY OF DEMANDS
FOR GRANTS
(2017-2018)

426/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2016-2018)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2017 മാർച്ച് 22, 29 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ VI — ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ XI — ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXVI — പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2017 ഏപ്രിൽ 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2017 ഏപ്രിൽ 19.

റിപ്പോർട്ട്

## ധനാഭ്യർത്ഥന VI—ഭൂനികുതി

വോട്ട് ചെയ്യുന്നത് : 66153.01 ലക്ഷം രൂപ

ചാർജ്ജ് ചെയ്യുന്നത് : 1.66 ലക്ഷം രൂപ

2029-00-001-98—കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

1. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റിയെടുക്കുന്നതിനുള്ള പദ്ധതിക്കായി ബഡ്ജറ്റിൽ 1500 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2029-00-001-98 എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും 1000 ലക്ഷം രൂപ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥനയ്ക്കുകീഴിലെ 4059-01-051-60 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം എന്ന പദ്ധതിയുടെ ഘടകമായ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന ഘടകത്തിനുള്ള ഫണ്ട് 2029-00-001-98 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള 800 ലക്ഷം രൂപ ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥനയ്ക്കുകീഴിലെ 4216-01-700-85 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയോ ഭവനനിർമ്മാണ വകുപ്പ് മുഖേനയോ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്നതിനാൽ നിലവിൽ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥന നമ്പർ XV-ന് കീഴിലെ 4059-01-051-60 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1000 ലക്ഷം രൂപയും ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥന നമ്പർ XXI-നു കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയും റവന്യൂ വകുപ്പിന്റെ 2029-00-001-98 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-800-77—റവന്യൂ വകുപ്പിന്റെ കീഴിലുള്ള പൈതൃകമന്ദിരങ്ങളുടെ സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ (പ്ലാൻ)

2. റവന്യൂ വകുപ്പിൻ കീഴിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം എന്ന പദ്ധതിയുടെ ഘടകങ്ങളായി 2017-18 മുതൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കോൺഫറൻസ് ഹാൾ നവീകരണം എന്നീ

പ്രവൃത്തികൾക്കുള്ള ഫണ്ട് 2029-00-800-77 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണത്തിന് അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കു കീഴിലുള്ള 2059-01-051-82 എന്ന ബഡ്ജറ്റ് ശീർഷകത്തിലും വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപ ഇതേ ധനാഭ്യർത്ഥനയുടെ തന്നെ 2059-01-051-81 (700 ലക്ഷം രൂപ) 4059-01-051-61 (800 ലക്ഷം രൂപ) എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിലുമായാണ് വകയിരുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണത്തിന് അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ 2059-01-051-82 എന്ന ശീർഷകത്തിൽനിന്നും വില്ലേജ് ഓഫീസുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപ 2059-01-051-81, 4059-01-051-61 എന്നീ ശീർഷകങ്ങളിൽ നിന്നും 2029-00-800-77 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-102-95—ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിലേക്ക് ഭൂമിസംബന്ധമായ രേഖകൾ തയ്യാറാക്കൽ—രേഖകൾ മോശമായ പ്രദേശങ്ങളുടെ പുനർസർവ്വെ (കണ്ണാടി സർവ്വെ)

ബഡ്ജറ്റ് വിഹിതം : 15599.46 ലക്ഷം രൂപ (നോൺ പ്ലാൻ)

21(1)—വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

3. കണ്ണാടി സർവ്വെയുമായി ബന്ധപ്പെട്ട് ആധുനിക സർവ്വെ ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വെ നടക്കുന്ന മലമ്പ്രദേശങ്ങളിലും നിരപ്പ് കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യമുണ്ടെന്നും ആയതിനാൽ കാര്യക്ഷമതയുള്ള വാഹനങ്ങൾ ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾക്ക് പകരം പുതിയ അഞ്ച് വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 33.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05(3)—ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 5.51 ലക്ഷം രൂപ (നോൺ പ്ലാൻ)

4. സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സർവ്വെയും ഭൂരേഖയും വകുപ്പിലെയും റവന്യൂ വകുപ്പിലെയും സൂപ്പർവൈസറി തസ്തികയിലെ ജീവനക്കാർക്ക് CUG (Closed User Group) മൊബൈൽ കണക്ഷൻ ലഭ്യമാക്കേണ്ടതാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-102-99—സർവ്വെ വകുപ്പ് (ജനറൽ)

ബഡ്ജറ്റ് വിഹിതം : 1827.48 ലക്ഷം രൂപ

21(1)—വാഹനം വാങ്ങൽ (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം - 1000 രൂപ

5. സർവ്വെ വകുപ്പിൽ നിലവിലുള്ള 28 വാഹനങ്ങളിൽ 8 വാഹനങ്ങൾ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾക്ക് പകരം പുതിയ രണ്ട് വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 13.4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്യുത് : 65800.09 ലക്ഷം രൂപ

ചാർജ്ജ് ചെയ്യുത് : 106.5 ലക്ഷം രൂപ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല.

6. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണനിയമമനുസരിച്ച് നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 50 ലക്ഷം രൂപ 2053-00-093-99-80 എന്ന ശീർഷകത്തിൽ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി ചെലവാകുന്ന തുക റവന്യൂ റിക്കവറിയായി ബന്ധപ്പെട്ട കക്ഷികളിൽ നിന്നും

ഈടാക്കി 0029-00-800-90 എന്ന ശീർഷകത്തിൽ ഒടുക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേക്കായി 2053-00-093-99-80 എന്ന ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (നോൺ പ്ലാൻ)

7. സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ പുതിയതായി ഓരോ റവന്യൂ ഡിവിഷനുകളും കന്ദംകളും, പയ്യന്നൂർ എന്നിവിടങ്ങളിൽ താലൂക്കുകളും രൂപീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-50—ഡിസാസ്റ്റർ മാനേജ്മെന്റ് ദുരന്തനിവാരണവും പുനരധിവാസവും (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

8. സംസ്ഥാനത്തെ ദുരന്തനിവാരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ച് 5 വർഷം പൂർത്തിയായിട്ടും അതോറിറ്റിക്ക് ബഡ്ജറ്റിൽ നോൺ പ്ലാൻ ഹെഡിൽ തുക അനുവദിച്ചിട്ടില്ലെന്നും ജീവനക്കാരുടെ ശമ്പളം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകിവരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ ദുരന്തനിവാരണ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് നോൺ പ്ലാൻ ഇനത്തിൽ 52.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-47—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം (100% കേന്ദ്രാവിഷ്കൃതം)

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

9. കേന്ദ്രസർക്കാരിൽനിന്നും പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തികവർഷം 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്രസർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള തുക ലഭിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പ്രാദേശികദുരന്ത പ്രതികരണസേന (ആപത്താമിത്ര)</u>

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

10. ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ 100% ഗ്രാന്റോടുകൂടി ആവിഷ്കരിച്ചിട്ടുള്ള ആപത്താമിത്ര എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്നും 22.7 ലക്ഷം രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. <u>കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ലഭിക്കുന്നതിനായി ബഡ്ജറ്റിൽ പുതിയ ശീർഷകം അനുവദിക്കണമെന്നും 22.7 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

2250-00-103-98—<u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

11. കൊച്ചി ദേവസ്വത്തിന്റെ കീഴിൽ വരുന്ന 8 പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ചുവട് പിടിച്ച് ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആകയാൽ പ്രസ്തുത ആവശ്യത്തിലേക്കായി 999.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2250-00-103-80—<u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറ കളുടെയും സംരക്ഷണം</u>

ബഡ്ജററ് വിഹിതം : 100 ലക്ഷം രൂപ (നോൺ പ്ലാൻ)

12. സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ, അതത് പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പരിഹാരം കാണുന്നതിനും ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർക്കാരിന്റെ ഹരിതകേരളം പദ്ധതിയിൽ ഇക്കാര്യത്തിന് മുൻഗണന ലഭിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ വിവിധ ദേവസ്വം

ബോർഡുകളുടെ പരിധിയിൽ വരുന്നതും സ്വകാര്യക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഇവയുടെ സംരക്ഷണത്തിനായി 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന സംഭാവന

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

13. മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രനിധിയിൽ 5163 അംഗങ്ങളുള്ളതിൽ നിലവിൽ 963 അംഗങ്ങൾക്ക് പെൻഷനും 317 പേർക്ക് കുടുംബ പെൻഷനും നൽകി വരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസർമാർ ക്ഷേത്രഭരണം നിയന്ത്രിക്കുന്നവരാകയാൽ ഇവരുടെ പെൻഷൻ ക്ഷേത്ര ജീവനക്കാരുടേതിന് സമാനമായിരിക്കുന്നതിൽ അനൗചിത്യമുള്ളതിനാൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ 3,000 രൂപയിൽ നിന്നും 6,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത എന്നിവയിലും വർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് ഈ ആവശ്യത്തിലേക്കായി 199.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-86—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്
34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 125 ലക്ഷം രൂപ (നോൺ പ്ലാൻ)

14. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 367 കോലധാരികൾക്ക് 700 രൂപ നിരക്കിലും 1704 ആചാരസ്ഥാനികർക്ക് 800 രൂപ നിരക്കിലും ധനസഹായം വിതരണം ചെയ്യുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. പുതുതായി ലഭിച്ചിട്ടുള്ള ആചാരസ്ഥാനികരുടെ 1524 അപേക്ഷകളും കോലധാരികളുടെ 142 അപേക്ഷകളും കൂടി ഈ വർഷം പരിഗണിക്കേണ്ടതിനാൽ ഈ ഇനത്തിൽ 375 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്-36—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

15. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ആരംഭിച്ചിട്ടുള്ള ക്ഷേത്രകലാ അക്കാഡമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി 495 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-102-99—1951-ലെ മദ്രാസ് എച്ച്.ആർ.ആന്റ്.സി.ഇ. നിയമം നടപ്പാക്കൽ 01—ശമ്പളം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

16. നിർത്തലാക്കപ്പെട്ട എച്ച്. ആർ. ആന്റ് സി.ഇ. വകുപ്പിലെ ജീവനക്കാർ മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നതെന്നും നിലവിൽ അവരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ, എച്ച്. ആർ. ആന്റ് സി.ഇ. വകുപ്പിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് 849.99 ലക്ഷം രൂപ 2250-00-103-87-31—സഹായധനം—ശമ്പളം എന്ന ശീർഷകത്തിൽ നിന്നും 2250-00-102-99-01—ശമ്പളം എന്ന ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ മാറ്റി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-87—മലബാർ ദേവസ്വം ബോർഡ് -36—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 995.5 ലക്ഷം രൂപ (നോൺ പ്ലാൻ)

17. മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ഗ്രാന്റ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 705 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-101-99—<u>സംസ്ഥാന ധർമ്മകാര്യം</u>

ബഡ്ജറ്റ് വിഹിതം : 12,000 രൂപ (നോൺ-പ്ലാൻ)

18. തിരുവനന്തപുരം എസ്.എം.വി. സ്കൂളിലെ ബാലഗണപതി ക്ഷേത്രത്തിലെ പതിവ് പൂജാരിയുടെ പ്രതിമാസ ഹോണറേറിയം നിലവിൽ 1,000 രൂപയാണെന്നും ക്ഷേമപെൻഷനുകൾ പോലും പ്രതിമാസം 1,100 രൂപയാക്കി ഉയർത്തിയ സാഹചര്യത്തിൽ ഹോണറേറിയം 2,000 രൂപയാക്കി വർദ്ധിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു. <u>പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 12,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2250-00-102-98—<u>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്</u>-31—<u>സഹായധനം</u>—<u>ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 132.37 ലക്ഷം രൂപ (നോൺ പ്ലാൻ)

19. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിലവിൽ നാമമാത്രമായ ഉദ്യോഗസ്ഥർ മാത്രമേ സേവനമനുഷ്ഠിക്കുന്നുള്ളുവെങ്കിലും ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളിൽ പരീക്ഷ നടത്തി ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ശമ്പളച്ചെലവിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആകയാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2250-00-102-98—<u>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്</u>- <u>36</u>—<u>സഹായധനം</u>—<u>ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 38.61 ലക്ഷം രൂപ (നോൺ പ്ലാൻ)

20. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ വിവിധ തസ്തികകളിലേക്ക് പരീക്ഷ നടത്തുന്നതിനും ജീവനക്കാരുടെ ശമ്പളേതര ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആകയാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്യുന്നത് : 151567.96 ലക്ഷം രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ</u> (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)

36—<u>സഹായധനം-ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 115.91 ലക്ഷം രൂപ (നോൺ പ്ലാൻ)

21. ശബരിമലയിലും എരുമേലിയിലും മറ്റ് പരിസര പ്രദേശങ്ങളിലും വിവിധ ഏജൻസികൾ മുഖേന നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ

ഏകോപിപ്പിക്കുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേക്കായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത്: 175777.39 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത്: ഇല്ല

3475-00-201-89—1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണചെലവ്

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

22. കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന കാലഘട്ടം വരെയുള്ള സംരക്ഷണച്ചെലവ്, പൊതുകാര്യത്തിന് ലാൻഡ് ബോർഡ് ഉത്തരവ് പ്രകാരം റിസർവ് ചെയ്യപ്പെടുന്ന ഭൂമിയുടെ സ്ഥായിയായ സംരക്ഷണച്ചെലവ്, സർവ്വെ നടത്തുന്നതിനുള്ള ചെലവ് എന്നിവയ്ക്ക് ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേക്കായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-201-93—കർഷക പുനരധിവാസ ഫണ്ടിൽനിന്നും കൊടുക്കുന്നതിന്—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 18 ലക്ഷം രൂപ (നോൺ പ്ലാൻ)

23. കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം സഹിക്കേണ്ടിവന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റു സാമ്പത്തിക സഹായം നൽകുന്നതിനുമാണ് ഈ തുക വിനിയോഗിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. 1-9-2014-ലെ ജി. ഒ. (എംഎസ്.) 380/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ജന്മി പെൻഷൻ 1,500 രൂപയിൽനിന്നും 3000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകുമെന്നതിനാൽ പുതുക്കിയ നിരക്കിൽ ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിന് 41.76 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുശിപാർശകൾ

24. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വെള്ളറടയിൽ വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം തീപിടിത്തത്തിൽ നശിച്ചുപോയതിനെ തുടർന്ന് നിലവിൽ വാടകകെട്ടിടത്തിലാണ് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നതെന്നും തൃശ്ശൂർ ജില്ലയിലെ പീച്ചി-പാണഞ്ചേരി ജോയിന്റ് വില്ലേജ് ഓഫീസിൽ ആവശ്യത്തിന് സ്ഥലസൗകര്യമില്ലാത്തതിനാൽ രേഖകൾ സൂക്ഷിക്കുവാൻ സാധിക്കാതെ നശിച്ചു പോകുന്നതിനാൽ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ അഞ്ഞൂറോളം സർവ്വെ നമ്പരുകളിലെ ആളുകൾക്ക് പട്ടയം ലഭിക്കാത്ത അവസ്ഥയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. <u>ആകയാൽ 'സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വെള്ളറട, തൃശ്ശൂർ ജില്ലയിലെ പീച്ചി-പാണഞ്ചേരി എന്നീ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

25. ലാന്റ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർമാരുടെ ഓഫീസുകൾക്ക് സ്വന്തമായി വാഹനമോ, കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയിംഗ് മെഷീൻ എന്നിവ ഉൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളോ ഇല്ലാത്തതിനാൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടുന്ന ജോലികൾ ചെയ്തുതീർക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ധനകാര്യ വകുപ്പിന്റെ തീരുമാനമനുസരിച്ച് പ്രസ്തുത ഓഫീസുകൾക്ക് ആവശ്യമായ വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്നുള്ള സർക്കാരിന്റെ ഉത്തരവ് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആകയാൽ ലാന്റ് ട്രൈബ്യൂണലുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്കായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

26. സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി വനം മന്ത്രാലയം ക്ലിയറൻസ് നൽകിയത് പ്രകാരം പട്ടയം കൊടുക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ മണ്ഡലമുൾപ്പെടുന്ന പ്രദേശത്തിനനുവദിച്ച 1868 ഹെക്ടറോളം

വനഭൂമിയിൽ 700 ഹെക്ടറോളം ഭൂമിക്ക് മാത്രമേ പട്ടയം നൽകിയിട്ടുള്ളുവെന്നും ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് നഷ്ടപ്പെട്ടതുമൂലം 206 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാതിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ പട്ടയം നൽകാനുള്ള 1100 ഹെക്ടർ ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾക്ക് നിയമപരമായി പട്ടയം അനുവദിക്കുന്നതിലേക്കായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

27. ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഇ. ചന്ദ്രശേഖരൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2017 ഏപ്രിൽ, 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.